

07-04-2022

THURSDAY

വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/04/2022.

1. സംസ്ഥാന സർക്കാർ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന **ഞങ്ങളും കൃഷിയിലേക്ക്** എന്ന ക്യാമ്പയിന് വേണ്ടി 2 മിനിട്ട് ദൈർഘ്യമുള്ള പരസ്യചിത്രം നിർമ്മിക്കുന്നതിനായി വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും അനുയോജ്യമായ ആശയവും സ്ക്രിപ്റ്റും ക്ഷണിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും വ്യക്തികളെയും കൃഷിയിലേക്ക് ആകർഷിക്കുക എന്ന ദൗത്യവുമായി നടത്തപ്പെടുന്ന ക്യാമ്പയിന് അനുയോജ്യമായ സ്ക്രിപ്റ്റാകണം മത്സരാർത്ഥികൾ സമർപ്പിക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്ന സ്ക്രിപ്റ്റിന് അർഹമായ ഹോണറേറിയവും ക്രെഡിറ്റും നൽകുന്നതായിരിക്കും. ആശയവും സ്ക്രിപ്റ്റും ഈ മാസം 08-ന് (ഏപ്രിൽ 08) 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2318186** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ"ഒല്ലൂർ കൃഷി സമൃദ്ധി" യുടെയും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 13,14 തീയതികളിൽ **കാർഷിക സംരംഭകത്വ മേള** സംഘടിപ്പിക്കുന്നു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ **ഞങ്ങളും കൃഷിയിലേക്ക്** എന്ന പരിപാടിയുടെ ഭാഗമായി, എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടത്തുന്ന ഈ മേളയുടെ ഉദ്ഘാടനം, ഏപ്രിൽ 13 ന് രാവിലെ 10 ന്, ബഹു. റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും. തുടർന്ന് കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് സഹായകമായ സെമിനാറുകളും സംരംഭകരുമായി അനുഭവം പങ്കു വയ്ക്കലും ഉണ്ടായിരിക്കും. മേളയുടെ രണ്ടാം ദിവസമായ ഏപ്രിൽ 14 -ന് 11 മണിക്ക് സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ **നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്)** ഇനങ്ങളു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രില്ലർ ഈ മാസം 13-ന് (ഏപ്രിൽ 13) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക.

5. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, കഞ്ഞിക്കുഴി, അമ്പലപ്പുഴ, ചമ്പക്കുളം, ഭരണിക്കാവ്, വെളിയനാട്, മുതുകുളം, മാവേലിക്കര, ചെങ്ങന്നൂർ, തെക്കാട്ടുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ **അടിയന്തിര രാത്രി കാല വെറ്ററിനറി സേവനം** പദ്ധതി നടപ്പിലാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ പൂർണ്ണമായും താൽക്കാലികമായി വെറ്ററിനറി സർജന്മാരെ തിരഞ്ഞെടുക്കുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള വെറ്ററിനറി ബിരുദധാരികൾക്ക് ഈ മാസം 13 നു (ഏപ്രിൽ 13) രാവിലെ 11 മണിയ്ക്ക് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിന് പങ്കെടുക്കാവുന്നതാണ്. യുവ വെറ്ററിനറി ബിരുദധാരികളുടെ അഭാവത്തിൽ റിട്ടയേർഡ് ഡോക്ടർമാരേയും പരിഗണിയ്ക്കുന്നതാണ്. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്റിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ഗൈനക്കോളജി (Clinical Obstetrics & Gynacology), ക്ലിനിക്കൽ മെഡിസിൻ (Clinical Medicine), സർജറി (Surgery) എന്നിവയിൽ ബിരുദാനന്തര ബിരുദം അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477–2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർബോർഡ് വെർച്വൽ ട്രേഡ് ഫെയറിന്റെ (വി.റ്റി.എഫ്.) രണ്ടാം സീസൺ ആരംഭിച്ചു. 190 പ്രദർശകർ പങ്കെടുക്കുന്ന ഈ ട്രേഡ് ഫെയർ ആട്ടോമൊബൈൽ ടയർ മുതൽ റബ്ബർബാൻഡ് വരെയുള്ള വിവിധ റബ്ബറുത്പന്നവിഭാഗങ്ങൾ അടങ്ങുന്നതാണ്. അടുത്ത ആറു മാസക്കാലത്തേക്ക് ഫെയർ സജീവമായിരിക്കും. https://vtf.rubberboard.org.in/rubberboard എന്ന ലിങ്കിലൂടെ വിർച്വൽ ട്രെയ്ഡ് ഫെയറിൽ പ്രവേശിക്കാം. റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും ആഭ്യന്തര- അന്താരാഷ്ട്രവിപണികളിൽ പ്രോത്സാഹനം നൽകുന്നതിനായി ഒരുക്കിയിട്ടുള്ള ചെലവു കുറഞ്ഞ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് വി.റ്റി.എഫ്.

## പരിശീലന പരിപാടികൾ

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഏപ്രിൽ 07) രാവിലെ 11 മണിക്ക് **ജൈവാവശിഷ്ട നിർമ്മാർജ്ജനവും മണ്ണിന്റെ ആരോഗ്യ സംരക്ഷണവും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

8. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഈ മാസം 12-ന് (ഏപ്രിൽ 12) കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഏപ്രിൽ 7) രാവിലെ 11 മണി മുതൽ **ക്ഷീരസംഘങ്ങളുടെ വാർഷിക സ്റ്റോക്ക് പരിശോധനയും ആഡിറ്റ് മുന്നൊരുക്കങ്ങളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.